ദിവസം നേരിട്ട് സ്വീകരിച്ചും പൂർണ്ണമായ പ്രശ്നപരിഹാരത്തിന് വഴിയൊരുക്കുകയുമാണ് ജില്ലാതല റവന്യൂ/സർവ്വേ അദാലത്തിന്റെ ലക്ഷ്യം. വർഷങ്ങളായോ മാസങ്ങളായോ പരിഹരിക്കപ്പെടാതെ കിടക്കുന്നതും എന്നാൽ നിയമക്കുരുക്കുകളോ കോടതി വ്യവഹാരങ്ങളിലോ ഉൾപ്പെടാത്തതുമായ പരാതികൾക്ക് അതിവേഗം പരിഹാരം കാണുകയും ജനങ്ങൾക്ക് മികച്ച സേവനം നൽകുകയുമാണ് അദാലത്തുകൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) റീ-സർവ്വേ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയ വില്ലേജുകളിലെ പരാതികൾ നിലവിൽ ബന്ധപ്പെട്ട അഡീഷണൽ തഹസീൽദാർമാരാണ് പരിഹരിച്ചു വരുന്നത്. റീ-സർവ്വേ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് സർവ്വേ സബ് ഡിവിഷൻ സ്പെച്ച് അംഗീകരിക്കുവാൻ താലൂക്കുകളിലെ റീ-സർവ്വേ സൂപ്രണ്ടുമാർക്കുകൂടി താല്ക്കാലികമായി അധികാരം നൽകിയിട്ടുണ്ട്. എൽ.ആർ.എം.-ൽ ശേഷിക്കുന്ന മുഴുവൻ റീ-സർവ്വേ പരാതികളും പരിഹരിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ഡി) താലൂക്ക് തലത്തിൽ നടപടി ശേഷിക്കുന്ന എല്ലാ പരാതികളും അദാലത്ത് മുഖേന തീർപ്പാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾ

149 (1182) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2014-15 വർഷത്തിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി പുനർനിർമ്മിക്കുന്നതിന് അനുമതി നൽകിയ റോഡുകളുടെ പണി മാർച്ച് 31-നകം പൂർത്തിയാക്കി ബില്ലുകൾ നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) 2014-15 വർഷത്തിൽ അനുമതി നൽകിയതും എന്നാൽ 2015 മാർച്ച് 31-ന് മുമ്പ് പണി പൂർത്തീകരിക്കുവാൻ കഴിയാത്തതുമായ പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി പുതുക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചതും പ്രവൃത്തി ആരംഭിച്ചതും 31-3-2015-നുമുമ്പ് പൂർത്തിയാകാത്തതുമായ പ്രവൃത്തികൾക്ക് പ്രസ്തുത ഭരണാനുമതി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള കാലാവധിവരെ സമയം അനുവദിച്ച് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly